بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 13.12.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***ഇസ്‌ലാമാബാദിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## നബി(സ) തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സഹാബികളുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസവർധക വിവരണങ്ങൾ

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۔ اَلرَّحۡمٰنِ الرَّحِيۡمِ ۔ مٰلِكِ يَوۡمِ الدِّيۡنِ ۔ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۔ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۔

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യായെ കുറിച്ചാണ് വിവരിച്ചുകൊണ്ടിരുന്നത്. ഹദ്റത്ത് ഹിലാൽ തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വിട്ടുനിന്ന മൂന്ന് ആളുകളിൽ ഉൾപ്പെടുന്നു. നബി(സ) തിരുമേനി യുദ്ധത്തിൽനിന്ന് തിരികെ എത്തിയപ്പോൾ ഈ ആളുകളോട് തന്റെ നീരസം പ്രകടിപ്പിച്ചു. ചെറിയ ശിക്ഷയും നല്കി. എന്നാൽ അവർ മൂവരും വളരെയധികം പ്രയാസത്തിൽ അകപ്പെട്ടു. അല്ലാഹുവിലേക്ക് കുനിഞ്ഞ് തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അവർ മൂവരുടെയും വിലാപം അല്ലാഹുവിന്റെ സമക്ഷം സ്വീകരിക്കപ്പെട്ടു. അതിൽ ഹദ്റത്ത് ഹിലാലും ഉൾപ്പെടുന്നു. അവർക്ക് നല്കിയ മാപ്പിനെ സംബന്ധിച്ച് അല്ലാഹു ആയത്തും ഇറക്കി. ഹുസൂർ തിരുമനസ്സ് പറയുന്നു: ഇതു സംബന്ധമായി കുറച്ച് കാര്യങ്ങൾ കൂടിയുണ്ട്. അത് ഇപ്പോൾ വിവരിക്കുന്നതാണ്.

നബി(സ) തിരുമേനിയോടൊപ്പം പോകാതിരുന്ന ആളുകളിൽ ജദ്ദ് ബിൻ ഖയ്സ് എന്നൊരു വ്യക്തി കൂടിയുണ്ടായിരുന്നു. നബി(സ) അയാളോട് ചോദിച്ചു: നീ റോമക്കാരുമായുള്ള യുദ്ധത്തിൽ നമ്മോടൊപ്പം വരാൻ തയ്യാറല്ലേ? അപ്പോൾ അയാൾ പറഞ്ഞ ഒഴികഴിവ് ഇതാണ്, സ്ത്രീകൾമൂലം അയാൾ ഫിത്നയിൽ അകപ്പെടുന്നതാണ്. സ്ത്രീകൾ ഉള്ളതിനാൽ വീടിന്റെ മേലുള്ള ഉത്തരവാദിത്തങ്ങൾ, അതുമൂലം ചില പ്രശ്നങ്ങൾ ഇവയെല്ലാം തന്നെ പരീക്ഷണത്തിൽ അകപ്പെടുത്തുന്നതാണ്. (അതുകേട്ട) നബി(സ) തിരുമേനി അയാളിൽ നിന്നു മുഖംതിരിച്ചു. അയാൾക്ക് അനുവാദവും നല്കി. അതിൽ അല്ലാഹു ഈ ആയത്ത് ഇറക്കി.

وَمِنۡهُمۡ مَّنۡ يَّقُوۡلُ ائۡذَنۡ لِّىۡ وَلَا تَفۡتِنِّىۡ ؕ اَلَا فِى الۡفِتۡنَةِ سَقَطُوۡا ؕ وَاِنَّ جَهَنَّمَ لَمُحِيۡطَةٌ ۢ بِالۡكٰفِرِيۡنَ ﴿۴۹﴾

അതായത്, എനിക്ക് അനുമതി നല്കിയാലും, എന്നെ പരീക്ഷണത്തിൽ ആക്കരുതേ! എന്ന് നിന്നോട് പറയുന്ന ചിലരും അവരിലുണ്ട്. അറിയുക, അവർ പരീക്ഷണത്തിൽ വീണുകഴിഞ്ഞിരിക്കുന്നു. തീർച്ചയായും സത്യനിഷേധികളെ നരകം എല്ലാ വശത്തുകൂടിയും വലയം ചെയ്തരിക്കുകയാണ്. മദീനയിൽ നിന്നു സിറിയയിലേക്കു പോകുന്ന ഭാഗത്ത് അബൂൽ ഹയ്സം ബിൻ തിഹ്യാന്റെ ഒരു കിണർ ഉണ്ടായിരുന്നു. അതിലെ കുടിവെള്ളം മേൽത്തരമായിരുന്നു. നബി(സ) തിരുമേനിയും ആ വെള്ളം വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. (അവിടെയുള്ള) യഹൂദികളുടെ വീടുകൾ കപടവിശ്വാസികളുടെ കോട്ടയായിരുന്നു. കപടവിശ്വാസികൾ അവിടെ ഒരുമിച്ച് കൂടുന്നുവെന്ന വിവരം നബി(സ) തിരുമേനിക്കു ലഭിച്ചു. അവർ ആളുകളെ റസൂലുല്ലാഹ്(സ) തിരുമേനിയോടൊപ്പം തബൂക് യുദ്ധത്തിനായി പോകുന്നതിനെ തടഞ്ഞുകൊണ്ടിരുന്നു. നബി(സ) തിരുമേനി ഹദ്റത്ത് അമ്മാർ ബിൻ യാസറിനോട് പറഞ്ഞു: അവരുടെ സമീപത്ത് പോയി, അവർ പറയുന്ന കാര്യങ്ങൾ എന്താണെന്ന് ചോദിച്ചറിയുക. ഇനി അവർ നിരാകരിക്കുകയാണെങ്കിൽ, നിങ്ങൾ ഇന്നത് പറഞ്ഞതായി എനിക്ക് വിവരം ലഭിച്ചിരിക്കുന്നുവെന്ന് അവരോട് പറയുക. അങ്ങനെ ഹദ്റത്ത് അമ്മാർ അവിടെ ചെന്നു. അദ്ദേഹം അവരോട് ആ കാര്യങ്ങൾ അറിയിച്ചു. അപ്പോൾ അവർ നബി(സ) തിരുമേനിയുടെ സമീപത്തു വന്ന് ഒഴികഴിവ് പറയാൻ തുടങ്ങി.

ഇതായിരുന്നു അവസ്ഥ. പോകാതിരിക്കുന്നതിനുള്ള പദ്ധതികൾ പുറപ്പെടുന്നതിന് മുമ്പായി തന്നെ ആ സമയത്ത് അവർ ആവിഷ്കരിച്ചു. കപടവിശ്വാസികളാണ് ഇതിൽ ഉൾപ്പെട്ടിരുന്നത്. യഹൂദികൾ അവരെ പ്രേരിപ്പിച്ച്കൊണ്ടിരുന്നു. കുറച്ച് പേർ അല്ലാതെയും ഒഴികഴിവ് പറഞ്ഞു. മറ്റുചിലർ അതിന് ശേഷം ഒഴിഞ്ഞ് മാറി. അതായത് നബി(സ) തിരുമേനി തിരിച്ച് വന്നതിന്ശേഷം അങ്ങയുടെ സമീപത്ത് ഹാജരായികൊണ്ട് ഒഴികഴിവ് പറഞ്ഞു. എന്നാൽ നബി(സ) അവരുടെ കാര്യങ്ങൾ അല്ലാഹുവിനെ ഏല്പ്പിച്ചു.

ഏതെങ്കിലും യാത്രയിൽനിന്ന് തിരിച്ചെത്തിയാൽ ആദ്യം പള്ളിയിൽ പോയി രണ്ട് റകഅത്ത് നമസ്കരിക്കുകയെന്നത് നബി(സ)യുടെ സുന്നത്തായിരുന്നു.

അങ്ങനെ നബി(സ) തിരുമേനി തബൂകിൽനിന്ന് തിരിച്ച് മദീനയിൽ പ്രവേശിച്ചത് ഉച്ചയ്ക്ക് തൊട്ട്മുമ്പുള്ള സമയത്തായിരുന്നു. ആദ്യം പള്ളിയിൽ വന്ന് രണ്ട് റകഅത്ത് നമസ്കരിച്ചു. നമസ്കാരത്തിന്ശേഷം ആളുകളെ കാണാനായി പള്ളിയിൽ തന്നെ ഇരുന്നു. ആ സമയത്ത് മനഃപൂർവം യുദ്ധത്തിൽ പങ്കെടുക്കാത്തിരുന്ന ആളുകൾ അങ്ങയെ കാണുവാൻ വേണ്ടി വന്നു. അവർ അങ്ങയുടെ മുമ്പാകെ അവരുടെതായ ഒഴികഴിവുകൾ നിരത്തി. അവരുടെ എണ്ണം ഏകദേശം 80 ന് അടുത്തായിരുന്നു. നബി(സ) തിരുമേനി അവരുടെ പ്രത്യക്ഷത്തിലുള്ള ഒഴികഴിവുകൾ അംഗീകരിച്ചു. അവരോട് വിട്ടുവീഴ്ച ചെയ്തു. അവരിൽ നിന്നു ബയ്അത്ത് വാങ്ങുകയും അവരുടെ പാപപൊറുതിക്കായി ദുആ ചെയ്യുകയും ചെയ്തു. എന്നാൽ മുമ്പ് വിവരിച്ചതുപോലെ ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യാ, ഹദ്റത്ത് മുറാറ ബിൻ റബീഅ്, ഹദ്റത്ത് കഅബ് ബിൻ മാലിക് എന്നിവർ വ്യാജമായ കാരണങ്ങൾ നിരത്തിയില്ല. അതുകാരണം കുറച്ച്കാലം അവർക്ക് നബി(സ) തിരുമേനിയുടെ നീരസം സഹിക്കേണ്ടതായി വന്നു. അവർ കരയുകയും വിലപിക്കുകയും ചെയ്തു. അല്ലാഹുവിന്റെ സമക്ഷം തൗബ ചെയ്തുകൊണ്ടു കുനിയുകയും ചെയ്തു. പിന്നീട് അല്ലാഹു വിശുദ്ധ ഖുർആനിൽ അവരുടെ തൗബ സ്വീകരിച്ചിരിക്കുന്നുവെന്ന് വിളംബരം ചെയ്യുകയുണ്ടായി.

ഹുസൂർ തിരുമനസ്സ് പറയുന്നു: അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര്, ഹദ്റത്ത് മുറാറ ബിൻ റബീഅ് അംരി എന്നാണ്. ഹദ്റത്ത് മുറാറ ബിൻ റബീഅ് അംരിയുടെ ബന്ധം അൻസാറുകളുടെ ഗോത്രമായ ഔസിലെ കുടുംബം, ബനൂ അംറ് ബിൻ ഔഫുമായാണ്. ഹദ്റത്ത് മുറാറ(റ)ന് ബദർ യുദ്ധത്തിൽ പങ്കെടുക്കാനുള്ള ഭാഗ്യം ലഭിച്ചിരുന്നു. ബുഖാരിയിലും സഹാബാക്കളുടെ അവസ്ഥകൾ വിവരിക്കുന്ന ഗ്രന്ഥങ്ങളിലും അദ്ദേഹം, ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നുവെന്ന വിവരം ലഭിക്കുന്നുണ്ട്. തബൂക് യുദ്ധത്തിൽ പങ്കെടുക്കാത്ത മൂന്ന് അൻസാർ സഹാബാക്കളിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. അതിനെ കുറിച്ചു മുമ്പ് പറഞ്ഞു കഴിഞ്ഞതാണ്. അതുകൂടാതെ ഹദ്റത്ത് മുറാറയെ കുറിച്ച് ഹദ്റത്ത് കഅബ് ബിൻ മാലിക്കിന്റെ വിശദമായ വിവരണത്തിൽ ഉള്ളതല്ലാതെ മറ്റു വിവരണങ്ങൾ ഒന്നുമില്ല. അത് ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യായുടെ വിവരണത്തിൽ കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചിരുന്നു.

അടുത്തതായി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാൻ എന്നാണ്. ഹദ്റത്ത് ഉത്ബ സ്വയം വിവരിക്കുന്നു: ഞാൻ ആദ്യഘട്ടത്തിൽ ഇസ്ലാം സ്വീകരിച്ച് നബി(സ) തിരുമേനിയോടൊപ്പം ചേർന്ന ആളുകളിൽവച്ച് ഏഴാമനാണ്. ഇബ്നു അസീറിന്റെ അഭിപ്രായ പ്രകാരം ഹദ്റത്ത് ഉത്ബ ഹബ്ശയിലേക്ക് ഹിജറത്ത് ചെയ്യുമ്പോൾ അദ്ദേഹത്തിന് 40 വയസ്സ് ഉണ്ടായിരുന്നു. അദ്ദേഹം ഹബ്ശയിൽ നിന്ന് മക്കയിലേക്ക് തിരിച്ച് വന്നപ്പോഴും നബി(സ) മക്കയിൽതന്നെ താമസിക്കുകയായിരുന്നു. ഹദ്റത്ത് ഉത്ബ, ഹദ്റത്ത് മിഖ്ദാറിനോടൊപ്പം മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുന്നവരെ തിരുനബി(സ)യോടൊപ്പം താമസിച്ചു.

ആയുധംകൊണ്ടുള്ള ജിഹാദിന് അനുവാദം നല്കിയ വിശുദ്ധ ഖർആനിലെ ആദ്യ ആയത്ത് ഹിജ്രി 2 സഫർ മാസം 12 നാണ് അവതരിക്കുന്നത്. ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത്, അവിശ്വാസികളുടെ ഉപദ്രവത്തിൽ നിന്ന് മുസ്ലിംകളെ സംരക്ഷിക്കുന്നതിനായി നബി(സ) തിരുമേനി നാല് പദ്ധതികളാണ് നടപ്പാക്കിയത്. അത് അങ്ങയുടെ ഉന്നതമായ രാഷ്ട്രീയ പാടവത്തിനും സൈനീക മുന്നേറ്റതിനുമുള്ള ഒരു തെളിവാണ്. ആ പദ്ധതികൾ ഇപ്രകാരമാണ്:

ഒന്ന് അവിടുന്ന് സ്വയം യാത്ര ചെയ്ത് സമീപത്തുള്ള ഗോത്രങ്ങളുമായി പരസ്പരമുള്ള സമാധാനത്തിന്റെയും സുരക്ഷയുടെയും ഉടമ്പടികൾ ചെയ്യാൻ തുടങ്ങി. അങ്ങനെ മദീനയുടെ സമീപ പ്രദേശങ്ങൾ അപകടങ്ങളിൽ നിന്നു സുരക്ഷിതമാക്കപ്പെട്ടു.

മദീനയുടെ വിവിധ വശങ്ങളിലേക്കു വിവരങ്ങൾ അറിഞ്ഞു വരുന്നതിനായി ചെറിയ ചെറിയ സൈനീക സംഘങ്ങളെ അയക്കാൻ തുടങ്ങിയെന്നതാണ് അവിടുന്ന് കൈകൊണ്ട രണ്ടാമത്തെ ചുവടുവെപ്പ്. അങ്ങനെ ഖുറൈശികളുടെയും അവരുടെ സഖ്യകക്ഷികളുടെയും അനക്കമടകങ്ങളെ കുറിച്ച് അറിവു ലഭിക്കുകയും അതുപോലെ മുസ്ലിംകൾ അശ്രദ്ധരല്ലായെന്ന് ഖുറൈശികൾക്കു തോന്നുമാറാകുകയും ചെയ്യുന്നതാണ്. ഇങ്ങനെ മദീന പെട്ടെന്നുള്ള ആക്രമണത്തിൽനിന്ന് സുരക്ഷിതമാക്കപ്പെടുകയും ചെയ്യുന്നതാണ്.

മൂന്നാമതായി ഈ സംഘങ്ങളെ അയക്കുന്നത് മൂലം ഉണ്ടായ ഒരു പ്രതിവിധി ഇതാണ്, അതായത് അതുമുഖേന മക്കയിലും അതിന്റെ സമീപ പ്രദേശങ്ങളിലും ഉണ്ടായിരുന്ന ബലഹീനരും ദരിദ്രരുമായ മുസ്ലിംകൾക്ക് മദീനയിലെ മുസ്ലിംകളുമായി കൂടിചേരാൻ വഴിയൊരുങ്ങി. അത്തരം ആളുകൾക്ക് അക്രമ സമൂഹത്തിൽനിന്ന് മോചനം കരസ്ഥമാക്കാൻ അവസരം ലഭിച്ചു. അവർ ഖുറൈശികളുടെ സംഘത്തോടൊപ്പം യാത്ര പുറപ്പെടുകയും മദീനയ്ക്ക് സമീപം എത്തി, പിന്നീട് മുസ്ലിംകളുടെ സംഘത്തിൽ ഓടി വന്ന് ചേരുകയും ചെയ്തു.

നാലാമതായി അവിടുന്ന് സ്വീകരിച്ച നടപടി, ഖുറൈശികളുടെ കച്ചവട സംഘത്തെ തടയുകയെന്നതാണ്. അവർ മക്കയിൽനിന്ന് സിറിയയിലേക്ക് പോകുന്നത് മദീനയുടെ സമീപത്ത് കൂടിയായിരുന്നു. ഇവരെ തടയാനുള്ള കാരണം, അവർ പോകുന്ന സ്ഥലങ്ങളിലെല്ലാം മുസ്ലിംകൾക്ക് എതിരിൽ ശത്രുതയുടെ അഗ്നി ആളികത്തിച്ചു.

കൂടാതെ ഈ സംഘം എപ്പോഴും ആയുധങ്ങളും വഹിച്ചാണ് യാത്ര ചെയ്തിരുന്നത്. ഇത്തരത്തിലുള്ള സംഘങ്ങൾ മദീനയുടെ വളരെ സമീപത്തുകൂടി സഞ്ചരിക്കുന്നത് അപകടം ക്ഷണിച്ച് വരുമെന്ന കാര്യം എല്ലാ ഒരോരുത്തർക്കും മനസിലാക്കാവുന്നതാണ്. അതിൽ ഖുറൈശികളുടെ ജീവിതമാർഗം കച്ചവടവുമായി ബന്ധപ്പെട്ടിരുന്നുവെന്നതാണ് മൂന്നാമത്തെ കാര്യം. ആ അവസരത്തിൽ ഖുറൈശികളെ പരാജയപ്പെടുത്തുന്നതിനും അവരുടെ അക്രമങ്ങളെ തടയുന്നതിനും രഞ്ജിപ്പിന് പ്രേരിപ്പിക്കുന്നതിനും പറ്റിയ ഏറ്റവും ഫലദായകമായതും പെട്ടെന്ന്സ്വാധീനമുണ്ടാക്കുന്നതുമായ പദ്ധതി, അവരുടെ കച്ചവട മാർഗം തടസ്സപ്പെടുത്തുക എന്നതായിരുന്നു. അങ്ങനെ അവസാനം രഞ്ജിപ്പിലേക്ക് തിരിയാൻ ഖുറൈശികളെ നിർബന്ധിച്ച കാര്യങ്ങളിൽ അവരുടെ കച്ചവട സംഘങ്ങളെ തടഞ്ഞ പദ്ധതിക്ക് വളരെ വലിയ പങ്ക് ഉണ്ടായിരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാൻ, മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത സംഭവം ഇപ്രകാരണ്, ഹിജ്രി 2, റബീയുൽ അവ്വൽ മാസത്തിന്റെ തുടക്കത്തിൽ നബി(സ) തിരുമേനി തന്റെ ഏറ്റവും അടുത്ത ബന്ധുവായ ഉബയ്ദ് ബിൻ അൽ ഹാരിഥ് മത്ലബിയുടെ നേതൃത്വത്തിൽ 60 ഒട്ടക സവാരികൾ അടങ്ങിയ മുഹാജിറുകളുടെ ഒരു സംഘത്തെ യാത്രയാക്കി. അങ്ങനെ അവർ സന്നിയ്യത്തുൽ മറായുടെ സമീപത്ത് എത്തിയപ്പോൾ ഖുറൈശികളുടെ 200 ആയുധധാരികളായ യുവാക്കളെ ഇക്രിമ ബിൻ അബൂജഹലിന്റെ നേതൃത്വത്തിൽ തമ്പടിച്ചിരിക്കുന്നതായി കണ്ടു. ഇരുസംഘങ്ങളും പരസ്പരം ഏറ്റുമുട്ടി. എന്നാൽ മുസ്ലിംകളുടെ പിന്നിൽ വല്ല രഹസ്യസേനയും ഉണ്ടാകുമെന്ന് കരുതി ഖുറൈശികളുടെ സംഘം ഭയന്ന് യുദ്ധത്തിൽനിന്ന് പിൻമാറി. ഖുറൈശികളുടെ സംഘത്തിൽ നിന്ന് രണ്ട് വ്യക്തികൾ മിഖ്ദാദ് ബിൻ അംറും ഉത്ബ ബിൻ ഗസ്വാനും ആ അവസരത്തിൽ മുസ്ലിംകളോടൊപ്പം വന്ന് ചേർന്നു. കാരണം അവർ ഹൃദയം കൊണ്ട് മുസ്ലിംകളായിരുന്നു. എന്നാൽ ബലഹീനത കാരണം ഖുറൈശികളെ ഭയന്ന് ഹിജ്റത്ത് ചെയ്യാൻ സാധിച്ചിരുന്നില്ല. മുസ്ലിംകളുടെ ജാഗ്രത കണ്ടും അവരുടെ ആളുകളിൽപെട്ട ചിലർ മുസ്ലിംകളിൽ ചേരുന്നത് കണ്ടും അവിശ്വാസികൾക്ക് ഉണ്ടായിരുന്ന യുദ്ധം ചെയ്യാനുള്ള ധൈര്യം ചോർന്നുപോയി. അത് അല്ലാഹുവിന്റെ അനുഗ്രഹമായിരുന്നു.

ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാനും അദ്ദേഹത്തിന്റെ സ്വതന്ത്രനാക്കപ്പെട്ട അടിമ, ഖബാബും മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തുവെന്നും തബ്ഖാത്തെ കുബ്റായിൽ ഒരു നിവേദനമുണ്ട്. അതിൽ തവ്ഖബാ എന്ന സ്ഥലത്ത്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുലമാ അജ്ലാനിയുടെ ഭവനത്തിനാണ് അദ്ദേഹം താമസിച്ചതെന്ന് പറയപ്പെടുന്നു. അങ്ങനെ അദ്ദേഹം മദീനയിലെത്തിയപ്പോൾ ഹദ്റത്ത് അബാദ് ബിൻ ബശറിന്റെ വീട്ടിൽ താമസിച്ചു. റസൂലുല്ലാഹ്(സ) ഹദ്റത്ത് ഉത്ബ ബിൻ ഗസ്വനും ഹദ്റത്ത് അബൂ ദജാനയ്ക്കും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു.

ഹുസൂർതിരുമനസ്സ് പറഞ്ഞു: ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാനെ കുറിച്ച് ഇനിയും വിവരണങ്ങളുണ്ട്. ഇൻശാ അല്ലാഹ് പിന്നീടു വിവരിക്കുന്നതാണ്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഈ അവസരത്തിൽ ഞാൻ ഒരു വിളംബരം നടത്താൻ ഉദ്ദേശിക്കുന്നു. അൽഫസൽ പത്രത്തിന്റെ വെബ്സൈറ്റ് നമ്മൾ ആരംഭിച്ചിരുന്നു. അൽഫസലിന് 106 വർഷം പൂർത്തിയാകുന്നതോടൊപ്പം ലണ്ടനിൽനിന്ന് അൽഫസലിന്റെ ഓൺലൈൻ എഡിഷനും നാം തുടക്കം കുറിക്കുകയാണ്. ഈ പത്രം ഇന്നേക്ക് 106 വർഷം മുമ്പ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അനുവാദത്തോടെയും ദുആയോടുംകൂടി 1913 ജൂൺ 18 നാണ് തുടക്കം കുറിച്ചത്. പാകിസ്ഥാൻ നിലവിൽ വന്നതിന് ശേഷം കുറച്ച് കാലം ലാഹോറിൽനിന്ന് പ്രദ്ധീകരിച്ചു. പിന്നീട് ഖലീഫത്തുൽ മസീഹ് സാനിയുടെ മേൽനോട്ടത്തിൽ റബ്വയിൽനിന്ന് പുറത്തിറങ്ങാൻ തുടങ്ങി. ഈ പഴയ ഉറുദു പത്രം, ലണ്ടനിൽനിന്ന് ഓൺലൈനായി 2019 ഡിസംബർ 13 മുതൽ പുറത്തിറങ്ങാൻ തുടങ്ങുകയാണ്. ഇന്റർനെറ്റ് മുഖേന ലോകം മുഴുവനും എല്ലാ സ്ഥലത്തും എളുപ്പത്തിൽ ഇത് ലഭ്യമാകുന്നതാണ്. ഇൻശാ അല്ലാഹ് ജമുഅയ്ക്ക് ശേഷം അത് ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: രണ്ട് ജനാസ നമസ്കാരവും ഞാൻ നിർവഹിക്കുന്നതാണ്. ഇൻശാ അല്ലാഹ്. അതിൽ ആദ്യത്തേത് ബഹുമാന്യ സയ്യിദ തൻവീറുൽ ഇസ്ലാം സാഹിബയുടെതാണ്. അവർ ബഹുമാന്യ മിർസാ ഹഫീസ് അഹ്മദ് സാഹിബിന്റെ ഭാര്യ ആയിരുന്നു. ഡിസംബർ 7 ന് തന്റെ 91 ാമത്തെ വയസ്സിൽ വഫാത്തായി. اِنَّا لِلّٰہِ وَاِنَّآ اِلَیْہِ رٰجِعُوْنَ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ മൂസിയ്യ ആയിരുന്നു. അവരുടെ പിതാവിന്റെ പേര് മീർ അബ്ദുൽ ഇസ്ലാം എന്നാണ്. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മാർത്ഥനായ സഹാബി, ഹദ്റത്ത് മീർ ഹുസാമുദ്ദീൻ സാഹിബിന്റെ മകന്റെ പേരകുട്ടിയായിരുന്നു. അതായത് ഹദ്റത്ത് സയ്യിദ് മീർ ഹാമിദ് ശാഹ് സാഹിബിന്റെ പേരകുട്ടിയായിരുന്നു. അതുപോലെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ മരുമകളുമായിരുന്നു. 1928 ൽ സിയാൽകോട്ടിൽ അവർ ജനിച്ചു. 1948 ജനുവരിയിൽ അവരുടെ വിവാഹം മിർസാ ഹഫീസ് അഹ്മദ് സാഹിബുമായി നടന്നു. അങ്ങനെ അവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ മരുമകളായി. അവർക്ക് ഏകദേശം 1956

മുതൽ 2008 വരെ വിവിധ സമയങ്ങളിൽ 48 വർഷകാലം മർകസീ ലജ്നയുടെ സെക്രട്ടറി നുമായിശ് എന്ന നിലയിൽ സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുമായി നല്ല സ്നേഹബന്ധം ഉണ്ടായിരുന്നു. തഹ്ജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. അവരുടെ ജോലിക്കാരി പറയുന്നു: അവർ വഫാത്തായ രാത്രിപോലും, അന്ന് രാത്രി 3 മണിക്ക് തഹ്ജ്ജുദ് നിർവഹിച്ചു. അതിനുശേഷം ഉറങ്ങി. ആ അവസ്ഥയിൽ അവർക്ക് വഫാത്ത് സംഭവിച്ചു. അല്ലാഹു അവർക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ. അവർക്ക് റഹ്മത്ത് നല്കുകയും, അവരുടെ പദവി ഉയർത്തുകയും ചെയ്യുമാറാകട്ടെ.

രണ്ടാമതായി അമേരിക്കയിലെ ബഹുമാന്യ സിസ്റ്റർ ഹാജ ശകൂറ നൂറിയ്യ സാഹിബയുടെതാണ്. അവർ ഡിസംബർ ഒന്നിന് വഫാത്തായി. اِنَّا لِلّٰہِ وَ اِنَّآ اِلَیْہِ رٰجِعُوْنَ 1927 നാണ് ജനിച്ചത്. പ്രാരംഭകാലം വിഷിംഗ്ടൺ ഡി.സിയിൽ താമസിച്ചു. 1979 ൽ അവർ ഒരു സ്വപ്നത്തിൽ വിശുദ്ധ ഖുർആന്റെ ഒരു പതിപ്പും ശഹാദത്ത് കലിമയും കണ്ടു. അതിനുശേഷം ഇസ്ലാമും അഹ്മദിയ്യത്തുമാണ് യഥാർത്ഥ മതമെന്ന കാര്യത്തിൽ അവർക്ക് ദൃഢവിശ്വാസം കൈവന്നു. അങ്ങനെ അവർ ബയ്അത്തു ചെയ്തു. ഖിലാഫത്തിനോട് അങ്ങേയറ്റ ബഹുമാനം അവർക്കുണ്ടായിരുന്നു. ആഴത്തിലുള്ള ബന്ധംവച്ച് പുലർത്തിയിരുന്നു. ജമാഅത്തായ നമസ്കാരങ്ങൾ കൃത്യതയോടെ നിർവഹിച്ചിരുന്നു. അല്ലാഹു അവർക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ. അവർക്ക് റഹ്മത്ത് നല്കുകയും, അവരുടെ പദവി ഉയർത്തുകയും ചെയ്യുമാറാകട്ടെ. അല്ലാഹു ഇത്തരം സേവന മനോഭാവമുള്ള ആത്മാർത്ഥതയിലും കൂറിലും മുന്നിൽ നിൽക്കുന്ന ആളുകളെ നല്കി ജമാഅത്തിനെ അനുഗ്രഹിക്കട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَآءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَآءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ -

**ഈ ജൽസയിൽ പങ്കെടുക്കുന്നതിനായി യാത്ര ചെയ്യുന്നവരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുകയും അവരിൽ കരുണ ചൊരിയുകയും ചെയ്യട്ടെ. അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അസ്വാസ്ഥ്യങ്ങൾ നീക്കുകയും അവരെ എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിരവധി അനുഗ്രഹപൂർണമായ നന്മകൾ ഉൾക്കൊള്ളുന്ന ഈ ജൽസയിൽ, തങ്ങളുടെ പാഥേയത്തിനുള്ള ചിലവ് സ്വയം വഹിക്കാൻ ശേഷിയുള്ളവരും സ്വന്തം വിരിപ്പും പുതപ്പും ആദിയായ അവശ്യസാധനങ്ങളും കൂടെ കൊണ്ടുവരാൻ സാധിക്കുന്നവരുമായ ആളുകൾ പങ്കെടുക്കേണ്ടത് അനിവാര്യമാകുന്നു. അവർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മാർഗത്തിൽ വരുന്ന നിസ്സാരമായ ബുദ്ധിമുട്ടുകളെ വകവയ്ക്കുന്നവരുമാകരുത്. അല്ലാഹു ആത്മാർത്ഥരായവരുടെ ഓരോ ചുവടിനും പ്രതിഫലം നൽകുന്നു. അവന്റെ മാർഗത്തിലുള്ള പരിശ്രമങ്ങളും ബുദ്ധിമുട്ടുകളും പാഴായിപ്പോകുന്നതുമല്ല. ഈ സമ്മേളനത്തെ മറ്റു സാധാരണ മേളകളെപ്പോലെ കരുതരുത്. ഇത് തികച്ചും സത്യത്തിന്റെ പിന്തുണയാലും മഹത്തായ ഇസ്ലാമിക അധ്യാപനങ്ങളുടെ അടിത്തറയിലും നിലകൊള്ളുന്ന ഒന്നാണ്. ഈ ജമാഅത്തിന്റെ അടിസ്ഥാനശില അല്ലാഹു അവന്റെ സ്വന്തം കരങ്ങളാൽ വച്ചതാണ്. അതിനായിട്ട് അവൻ സമുദായങ്ങളെതന്നെ ഒരുക്കിവച്ചിരിക്കുന്നു. അവർ എത്രയും വേഗം ഇതിൽ വന്നുചേരുന്നതാണ്. കാരണം ഇത് സർവശക്തനായ അല്ലാഹുവിന്റെ പ്രവൃത്തിയാകുന്നു. അവന്റെ മുൻപിൽ അസാധ്യമായിട്ടൊന്നും തന്നെയില്ല. ഞാൻ ദുആ ചെയ്യുന്നു. ഈ ജൽസയിൽ പങ്കെടുക്കുന്നതിനായി യാത്ര ചെയ്യുന്നവരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുകയും അവരിൽ കരുണ ചൊരിയുകയും അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അസ്വാസ്ഥ്യങ്ങൾ നീക്കുകയും അവരെ എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അവരുടെ സദുദ്ദേശ്യങ്ങളെല്ലാം പൂർത്തിയാക്കപ്പെടുമാറാകട്ടെ. ഉയിർത്തെഴുന്നേല്പുനാളിൽ അവർ അല്ലഹുവിന്റെ അനുഗൃഹീത ദാസരോടൊപ്പം എഴുന്നേല്പിക്കപ്പെടുകയും അവരുടെ യാത്രാന്ത്യത്തോടെ അവർക്കുശേഷം അവരുടെ പ്രതിനിധി ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. മഹത്ത്വമുടയവനും മഹാഔദാര്യവാനും കരുണാമയനും പ്രയാസങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവേ! ഈ എല്ലാ ദുആകളും നീ സ്വീകരിക്കേണമേ. ഞങ്ങൾക്കു ഞങ്ങളുടെ എതിരാളികളുടെമേൽ വ്യക്തമായ അടയാങ്ങൾകൊണ്ട് നീ വിജയം നല്കേണമേ. ആമീൻ ഥുമ്മ ആമീൻ.

മജ്മൂഅഃ ഇശ്ത്തിഹാറാത്ത് (7.12.92)

Friday Sermon delivered by **Hadrat Khalifatul Masih Al-khamis (atba)** at Mubarak Mosque, on 29.11.2019
Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516